**ജിതം തേ ദേവദേവേശ പ്രപന്നാർത്തിഹരാച്യുത**
**വരേണൈതാവതാലം നോ യദ്ഭവാൻ സമദൃശ്യത (12-9-4)**
**അഥാപ്യംബുജപത്രാക്ഷ പുണ്യശ്ലോകശിഖാമണേ**
**ദ്രക്ഷ്യേ മായാം യയാ ലോക: സപാലോ വേദ സദ് ഭിദാം (12-9-6)**

*മഹിമയേറിയ ഭഗവാൻ ഇങ്ങിനെ പറഞ്ഞു:*
"അങ്ങയുടെ ജീവിതം മുഴുവൻ നീണ്ടുനിന്ന സാധനയിലും, തപസ്സിലും പരമഭക്തിയിലും ഞാൻ അതി പ്രീതനായിരിക്കുന്നു. ഇഷ്ടവരം എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക."

*മാർക്കണ്ഡേയൻ പറഞ്ഞു:*
ഭഗവാനേ അവിടുത്തെ കൃപകൊണ്ട് ആ മുഖദാവ് ദർശിക്കാൻ ഭാഗ്യം ലഭിച്ചശേഷം ഞാൻ എന്തു വരമാണ് ചോദിക്കുക? എന്നാൽ എനിക്ക് അനുഗ്രഹമേകണമെന്ന് അവിടുത്തേക്ക് നിർബന്ധമാണെങ്കിൽ മായാശക്തി എന്തെന്ന് കാട്ടിത്തന്നാൽ കൊള്ളാം.

*സൂതൻ പറഞ്ഞു:*
'തഥാസ്തു' എന്നു പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി. മഹർഷി തന്റെ പതിവുസാധനകൾ തുടർന്നു. ഭഗവാന്റെ മായയുടെ അർത്ഥം എന്താണെന്ന് നിരന്തരം ധ്യാനിച്ചു. അദ്ദേഹത്തിൽ പരമഭക്തി വളർന്ന് ചിലസമയം ഭഗവാന്റെ പാദപങ്കജം പൂജിക്കാൻപോലും അദ്ദേഹം മറന്നു. ഒരു ദിവസം പുഷ്പഭദ്രാനദീതടത്തിൽ പൂജചെയ്തുകൊണ്ടിരിക്കുമ്പോൾ അതിഭീകരമായൊരു കൊടുങ്കാറ്റ് ഭൂമിയെ മുഴുവൻ കുലുക്കി. അതേത്തുടർന്ന് പേമാരിയും പെയ്തു. എല്ലായിടവും ജലത്തിനടിയിലായി. സമുദ്രം ഭൂമിയെ മിക്കവാറും ജലത്തിലാഴ്ത്തിയോ എന്ന മട്ടിലായിരുന്നു വെള്ളപ്പൊക്കം.

മാർക്കണ്ഡേയമഹർഷി ആശങ്കാകുലനായി. ആകാശം മുട്ടെയുള്ള തിരമാലകൾ ചുറ്റുപാടും കാണപ്പെട്ടു. ജീവജാലങ്ങളെല്ലാം അപ്രത്യക്ഷമായി. അതീവകലുഷമായ സമുദ്രജലത്തിൽ ജീവനുള്ളതായി താൻ മാത്രമേയുള്ളൂ. സമ്പൂർണ്ണതമസ്സായതിനാൽ ഏതു ദിശയിലേക്കാണു താൻ പോവുന്നതെന്നും അദ്ദേഹത്തിനു മനസ്സിലായില്ല. ഈ ദുർഘടാവസ്ഥയിൽ ദശലക്ഷം വർഷങ്ങൾ കടന്നുപോയിരിക്കും എന്നദ്ദേഹത്തിനു തോന്നി. വിശ്വപ്രളയം തന്നെയിത് എന്ന് അദ്ദേഹം വിചാരിച്ചു.

അതും കഴിഞ്ഞ് വളരെ ഏറെക്കാലം കഴിഞ്ഞപോലെ അദ്ദേഹത്തിനു തോന്നി. ഒരു കഷണം ഭൂമി അദ്ദേഹ ത്തിന്റെ ദൃഷ്ടിയിൽ പെട്ടു. അതിലൊരാൽമരം. അതിലെ ഇലകളിലൊന്നിൽ ഒരു ശിശു നഗ്നനായി കിടക്കുന്നു. കാണാൻ അതീവരമണീയനും ഇരുണ്ടപച്ചനിറമാർന്നവനും ആയ ശിശു കാൽപ്പാദം കൈകൊണ്ടുയർത്തി അതിലെ പെരുവിരൽ വായിലിട്ടങ്ങിനെ രസിച്ചുകിടന്നു. ഏറെക്കാലമായി പ്രളയ ദുരിതത്താൽ കഷ്ടപ്പെട്ട മാർക്കണ്ഡേയന്, ശിശുവിന്റെ ദർശനം കൊണ്ടുതന്നെ ക്ഷീണം മാറി. അദ്ദേഹം അതിന്റെ സമീപം ചെന്നു. ശിശു അകത്തേക്ക് വലിച്ച ശ്വാസത്തിലൂടെ മുനി അതിന്റെ വയറ്റിൽ ചെന്നു. അവിടെ വിശ്വം മുഴുവൻ ദൃശ്യമായി. ഹിമാലയവും തന്റെ ആശ്രമവും തന്നെപ്പോലും ശിശുവിന്റെ ഉദരത്തിൽ കണ്ടു. ശിശുവിന്റെ ഉച്ഛ്വാസവായുവിലൂടെ മഹർഷി പുറത്തുവന്നു. വിചിത്രമായ ഈ അനുഭവത്തിൽ അത്ഭുതചകിതനായി അദ്ദേഹം ശിശുവിനെ വാരിപ്പുണരാൻ പുറപ്പെട്ടു. എന്നാൽ അദ്ദേഹം തൊടും മുൻപ് ശിശു അപ്രത്യക്ഷനായിരുന്നു. ജലവും അപ്രത്യക്ഷമായി. ഭൂമി പഴയതുപോലെ തന്നെ നിലനിൽക്കുന്നു. അദ്ദേഹം നദിക്കരയിൽ തന്റെ ആശ്രമത്തിനു മുന്നിൽ നിൽക്കുന്നു.